# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 9 | 28.05.2019 ൽ മറുപടിക്ക്

## രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഹൈബി ഈഡൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് നിസ്സാര പ്രശ്നങ്ങളിൽ പോലും പ്രതിയോഗികളെ അതിക്രൂരമായി കൊലചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതും ഇപ്രകാരം കൊല്ലപ്പെടുന്നത് കൂടുതലും യുവാക്കളാണെന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് നിസ്സാര പ്രശ്നങ്ങളിൽ പോലും പ്രതിയോഗികളെ അതിക്രൂരമായി കൊലചെയ്യുന്ന പ്രവണത കാണപ്പെട്ടിട്ടില്ല. എന്നാൽ കൊലപാതകങ്ങളുടെ എണ്ണം ഗണ്യമായി കുറഞ്ഞ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കൊല്ലപ്പെട്ടത് കൂടുതലും യുവാക്കൾ ആണെന്ന് പറയാൻ കഴിയില്ല. |
| (ബി) പെരിയ ഇരട്ടക്കൊലപാതക കേസിൽ പ്രതിയായ ഒരാളുടെ ഭാര്യ, ടിയാൻ കൊലപാതകം നടത്തിയിട്ടുണ്ടെങ്കിൽ പാർട്ടിയുടെ അറിവോടെ ആയിരിക്കുമെന്ന് ആരോപിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഇത്തരത്തിലുള്ള ഏതെങ്കിലും പ്രസ്താവന ശ്രദ്ധയിൽപ്പെടുകയോ അപ്രകാരം ആരെങ്കിലും അന്വേഷണ ഉദ്യോഗസ്ഥനോട് മൊഴി നൽകുകയോ ഉണ്ടായിട്ടില്ല. |
| (സി) എങ്കിൽ പ്രസ്തുത ആരോപണം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയോ; എങ്കിൽ അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണ്; | (സി) ക്രൈംബ്രാഞ്ച് നടത്തിയിട്ടുള്ള അന്വേഷണത്തിൽ, ഭാര്യമാരുടെ മൊഴിയിലും നാളിതുവരെയുള്ള അന്വേഷണത്തിലും ഇത്തരത്തിലുള്ള വസ്തുതകൾ കണ്ടെത്തിയിട്ടില്ലാത്തതാണ്. |
| (ഡി) പ്രതിയുടെ ഭാര്യയുടെ വെളിപ്പെടുത്തലിന് പിന്നാലെ പാർട്ടി നേതാക്കൾ വീട്ടിലെത്തി സഹായ വാഗ്ദാനം നൽകിയെന്ന ആരോപണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (ഡി) കൊലപാതകത്തിനുശേഷം കേസിലുൾപ്പെട്ട പ്രതികളുടെ വീടുകളിൽ നേതാക്കൾ ഉൾപ്പെടെ പലരും സന്ദർശിച്ചതായി അന്വേഷണത്തിൽ നിന്നും മനസ്സിലായിട്ടുള്ളതാണ്. എന്നാൽ സഹായം വാഗ്ദാനം നൽകിയതായി കണ്ടെത്തിയിട്ടില്ല. |

(ഇ) പെരിയ ഇരട്ടക്കൊലപാതകം പോലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്ന വ്യക്തികളെയും അതിന് ഒത്താശ ചെയ്യുന്ന പാർട്ടികളെയും ഒറ്റപ്പെടുത്തുന്നതിനും നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ഇ) ഏത് തരം കുറ്റകൃത്യം ആയാലും പ്രസ്തുത കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ വളരെ വേഗം തന്നെ അറസ്റ്റ് ചെയ്ത് അവർക്കെതിരെ മുഖം നോക്കാതെ ശക്തമായ നിയമനടപടികൾ സ്വീകരിച്ച് അവർക്ക് നിയമം അനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കുന്നതിന് ശേഷിയുള്ള ശക്തമായ പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. സംസ്ഥാന ക്രൈം റിക്കോഡ് ബ്യൂറോയുടെ ചുവടെ ചേർക്കുന്ന കൊലപാതക കേസുകൾ സംബന്ധിച്ചുള്ള കണക്കുകൾ സംസ്ഥാനത്തെ ക്രമസമാധാന പാലനത്തിന്റെ മികവ് വ്യക്തമാക്കുന്നുണ്ട്.

| വർഷം | കൊലപാതകങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം |
|---|---|
| 2011 | 349 |
| 2012 | 368 |
| 2013 | 355 |
| 2014 | 342 |
| 2015 | 317 |
| 2016 | 297 |
| 2017 | 290 |
| 2018 | 275 |
| 2019 | 95 |

സെക്ഷൻ ഓഫീസർ